# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1462

10.02.2020- ൽ
മറുപടിക്ക്

## വിത്ത് സംരക്ഷണവും വിളകളുടെ പരിപാലനവും

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ജെയിംസ് മാത്യു**<br>**ശ്രീ.ഒ.ആർ.കേളു**<br>**ശ്രീ.ബി.ഡി.ദേവസ്സി**<br>**ശ്രീ.ഡി.കെ.മുരളി** | **ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
| **എ)** സംസ്ഥാനത്ത് വിത്തുസംരക്ഷണ ത്തിനും വിളകളുടെ പരിപാലനത്തിനു മായി കൃഷി വകുപ്പ് നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ വിശദമാക്കാമോ; | **എ)** നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിക്കാവശ്യ മായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും അത്യുല്പാദന ശേഷിയു ള്ളതുമായ നെൽവിത്തുകൾ രജിസ്റ്റേഡ് വിത്തുല്പാദന പദ്ധതിയിലൂടെ ഉല്പാദിപ്പിച്ച് കൃഷി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി മുഖേന കർഷകർക്ക് ലഭ്യമാക്കിവരുന്നുണ്ട്. നെല്ലിന്റെയും ചെറു ധാന്യങ്ങളുടെയും പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണവും കൃഷിയിടങ്ങളിലെ വ്യാപനവും ലക്ഷ്യമാക്കി 'Scheme for conservation and multiplication of Traditional and indegenous varities of Paddy and Millets' എന്ന പ്ലാൻ പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ആധുനിക സൗകര്യങ്ങളോടെയുള്ള വിത്ത് ബാങ്ക് രൂപീകരിക്കുന്നതി നുള്ള പദ്ധതി കൃഷി വകുപ്പ് കാർഷിക സർവകലാശാലയു മായിചേർന്ന് നടപ്പിലാക്കി വരുന്നു.<br><br>കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഒരു ഘടകമാണ് "പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി പ്രോത്സാഹനവും വിത്ത് ഉത്പാദനവും." നാടൻ/പരമ്പരാഗത പച്ചക്കറികളുടെ വിത്ത് ഉത്പാദനവും വിതരണവും വ്യാപിപ്പിക്കുന്നതിനും ജനിതക സമ്പത്ത് നിലനിർത്തുന്നതിനും പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി തിരഞ്ഞെടുത്ത പരമ്പരാഗത പച്ചക്കറി വിളകളുടെ വിത്ത് വ്യാപകമായി ഉത്പാദിപ്പിക്കുന്നതിനും കർഷകർക്ക് വിത്ത് വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതി വി.എഫ്.പി.സി.കെ. നടപ്പിലാക്കുന്നുണ്ട്.<br><br>വിളകൾക്കുണ്ടാകുന്ന കീടരോഗബാധ, സസ്യപോഷണ ത്തിന് ആവശ്യമായ മൂലകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ നിമിത്തമുണ്ടാകുന്ന രോഗങ്ങൾ എന്നിവ അതാതു സമയത്ത് ഫീൽഡ്തല നിരീക്ഷണങ്ങളിലൂടെ കണ്ടെത്തി യഥാസമയം കർഷകർക്ക് നൽകുക എന്ന ലക്ഷ്യത്തോടെ വിള ആരോഗ്യ പരിപാലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| **ബി)** എല്ലാ കൃഷി ഭവനുകളിലും വിള ആരോഗ്യകേന്ദ്രം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | **ബി)** നിലവിൽ 252 വിള ആരോഗ്യ ക്ലിനിക്കുകൾ കൃഷിഭവനുമായി ചേർന്ന് സംസ്ഥാനത്തൊട്ടാകെ പ്രവർത്തിച്ചുവരുന്നു. പുതിയ 25 വിള ആരോഗ്യ കേന്ദ്രങ്ങൾ കൂടി സ്ഥാപിക്കുവാനുള്ള നടപടി പൂർത്തിയായി വരുന്നു.ഘട്ടം ഘട്ടമായി എല്ലാ കൃഷിഭവനുകളിലും വിള ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. |
| **സി)** കാർഷിക പ്രവർത്തനങ്ങൾ ഏകീകരി ക്കുക എന്ന ലക്ഷ്യത്തോടെ ഓരോ ബ്ലോക്കിലും അഗ്രോ സർവീസ് സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ; | **സി)** ഓഫീസ് പ്രവർത്തനങ്ങൾക്കും മെഷിനറി സൂക്ഷിക്കാൻ സ്ഥലം നൽകാൻ താല്പര്യം ഉള്ള, കൃഷി കൂടുതൽ നടക്കുന്നതും തൊഴിൽ ദൗർലഭ്യം അനുഭവപ്പെടുന്നതും കാർഷിക യന്ത്രവൽക്കരണം സാധ്യമാകുന്നതുമായ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ കാർഷിക പ്രവർത്തനങ്ങൾ സുഗമമായി നടപ്പാക്കുന്നതിന് അഗ്രോ സർവീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. |
| **ഡി)** സംസ്ഥാനത്തെ കൃഷി ഭവനുകൾ കാലോചിതമായി നവീകരിക്കുന്നതി നായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | **ഡി)** ആഗ്രോ സർവീസ് സെന്റർ & സർവീസ് ഡെലിവറി പദ്ധതിയിൽ Infrastructure Support & Block ADA, District level officer& Krishibhavan for modernisation of plant health clinics എന്ന ഘടകത്തിൽ കൃഷിഭവനുകളുടെ നവീകരണ ത്തിന് അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി പ്രൊപ്പോസൽ സമർപ്പിക്കുന്നതിനനുസരിച്ച് ധനസഹായം അനുവദിക്കുന്നു. സംസ്ഥാനത്തെ കൃഷി ഭവനുകളുടെ കാലോചിതമായ നവീകരണവും കൃഷിഭവനുകൾ കൂടുതൽ കർഷക സൗഹൃദമുള്ള ഓഫീസുകളായി മാറ്റുന്നതിനും വേണ്ടി 2020-21 ൽ ഈ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതിയിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് കൃഷി ഭവനുകൾ മുഖേന കംപ്യൂട്ടർ, മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങുവാനുള്ള അനുവാദം ലഭ്യമാകുന്നതാണ്. കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളും ഓൺലൈൻ ആയി അപേക്ഷിക്കേണ്ടവയായതിനാൽ കൃഷി ഭവനുകളുടെ നവീകരണം ഒരു അനിവാര്യ ഘടകമാണ്. ഈ നവീകരണത്തിലൂടെ എല്ലാ കർഷകർക്കും നേരിട്ട് കൃഷിഭവനുകൾ മുഖേന അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനുള്ള സൗകര്യം ഉണ്ടാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**